പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3743 | 20.06.2019 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിൽ വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ

ചോദ്യം
ശ്രീ.കെ.ജെ. മാക്സി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല സ്ക്വാഡ് നടത്തിയ പരിശോധനയിൽ സപ്ലൈകോയിൽ എത്ര രൂപയുടെ സാമ്പത്തിക ക്രമക്കേടാണ് സപ്ലൈകോ ജീവനക്കാരും ഇതിലെ ഡെപ്യൂട്ടേഷൻ ജീവനക്കാരും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല സ്ക്വാഡ് സപ്ലൈകോയിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സപ്ലൈകോ പെട്രോൾ പമ്പുകളിലെ പണമിടപാടുകളിൽ സപ്ലൈകോ വിജിലൻസ് വിഭാഗം കണ്ടെത്തിയ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ എന്തൊക്കെയാണ്; | (ബി) | സപ്ലൈകോയുടെ കോട്ടയം പെട്രോൾ ബങ്കിൽ ജോലിക്കാരെ ജോലിയ്ക്ക് നിർത്താതെ ഔട്ട് ലെറ്റ് ഇൻ-ചാർജ്ജ് തന്റെ വേണ്ടപ്പെട്ടവരുടെയും ബന്ധുക്കളുടെയും പേരിൽ ശമ്പളം എഴുതി വാങ്ങുന്നതായി വിജിലൻസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ 01/2017 മുതൽ 03/2019 വരെ ഔട്ട് ലെറ്റ് ഇൻ-ചാർജ്ജ് ജോലി ചെയ്യാത്ത തന്റെ ബന്ധുക്കളുടെയും വേണ്ടപ്പെട്ടവരുടെയും പേരിൽ ശമ്പളം മാറി എടുത്തത് ഏകദേശം 10,26,775/- (പത്ത് ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയാണ് എന്ന് കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ജീവനക്കാരനെ സസ്പെൻഡ് ചെയ്യുകയും സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം വിശദമായ ഓഡിറ്റിൽ 44,01,594/- (നാൽപ്പത്തി നാല് ലക്ഷത്തി |

| | | | |
|---|---|---|---|
| | | | ആയിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ബാധ്യത കണ്ടെത്തി നോട്ടീസ് നൽകി ക്രിമിനൽ കേസ് ഫയൽ ചെയ്യാൻ അഡീഷണൽ ജനറൽ മാനേജർ (പി&എ) യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എത്ര തുകയുടെ സാമ്പത്തിക ക്രമക്കേടാണ് കണ്ടെത്തിയത്; ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ? | (സി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ആലപ്പുഴ ജില്ലാ കോടതിക്കു സമീപം പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ, സംസ്ഥാനതല ഇൻസ്പെക്ഷൻ ടീം 12.06.18-ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ OIC ആയിരുന്ന ശ്രീ. ജോൺ. പി.കെ. (JA-Direct) ക്ക് 4613.8 (3910/- +18% പലിശ) ബാധ്യത നിശ്ചയിച്ച് 21.11.18-ൽ ഡി16-25166/18 പ്രകാരം കുറ്റപത്രം നൽകി നടപടി സ്വീകരിച്ചുവരുന്നു.

കൊല്ലം ഡിപ്പോ ഗോഡൗൺ പരിശോധനയിൽ ഗോഡൗൺ വൃത്തിയായി സൂക്ഷിക്കാത്തതായും സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാത്തതായും കണ്ടെത്തി.

| | |
|---|---|
| ഡിപ്പോ മാനേജർ - സി.എസ്.ഉണ്ണികൃഷ്ണകുമാർ<br>മാനേജർ (QA) - ഷീന സബാസ്റ്റ്യൻ<br>മാവേലി കസ്റ്റോഡിയൻ - എ. സജീവ് | കാരണം കാണിക്കൽ നോട്ടീസ് നൽകുകയും വിശദീകരണം വാങ്ങുകയും സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാൽ ശക്തമായ താക്കീത് നൽകി അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തു. |

മേനംകുളം സബ്ഡിപ്പോ പരിശോധനയിൽ റേഷൻ വിതരണത്തിൽ ക്രമക്കേടും സ്റ്റോക്കിൽ വ്യത്യാസവും കണ്ടെത്തി.

ഗോഡൗൺ OIC ശ്രീമതി മനുജ. ആർ.വി. യെ സസ്പെൻറ് ചെയ്തു. പിന്നീട് തിരിച്ചെടുത്തു. ബാധ്യത നിശ്ചയിക്കുന്നതിനായി അസിസ്റ്റൻറ് സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്.

തിരുവനന്തപുരം മേഖലാ ഓഫീസറുടെ കാര്യാലയം: ഓഫീസ് നടപടിക്രമങ്ങളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ശുപാർശ നൽകുകയും ആയത് നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട് (ഉദ്യോഗസ്ഥർക്ക് ബാധ്യത ഇല്ല)

കാട്ടാക്കട NFSA ഗോഡൗൺ- ഗോഡൗൺ OIC ആയിരുന്ന ശ്രീ. വി.ജി. ശ്രീജിത്തിന് സർക്കാരിൽ നിന്ന് കുറ്റപത്രം നൽകി വിശദീകരണം ലഭ്യമാക്കി താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി. (സാമ്പത്തിക ബാധ്യത ഇല്ല)

തിരുവനന്തപുരം മേഖലാ-കരുനാഗപ്പള്ളി ഡിപ്പോ മണപ്പിള്ളി സൂപ്പർ മാർക്കറ്റ്-പരിശോധനയിൽ കണ്ട ക്രമക്കേടുകൾക്കും സ്റ്റോക്കിലെ കുറവിനും OIC ശ്രീ. വി. രഘുനാഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ലഭിച്ച നിർദ്ദേശമനുസരിച്ച് കുറ്റപത്രം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു (ബാധ്യത തുക 19756/- രൂപ)

ചാത്തൻപാറ NFSA ഗോഡൗണിലെ പരിശോധന ഗോഡൗൺ OIC ആയിരുന്ന ശ്രീ. ഷൈൻ. എൻ.പി. യെ സസ്പെൻറ് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ചാത്തൻപാറ NFSA ഗോഡൗണിൽ 04/05/19 ൽ സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡ് പരിശോധന നടത്തി. അന്നേ ദിവസം ഹാജരുണ്ടായിരുന്ന ശ്രീ. ഷൈൻ.

എൽ.പി. സീനിയർ അസിസ്റ്റൻറ് II അനധികൃതമായും മേലുദ്യോഗസ്ഥരുടെ അനുമതി കൂടാതെയും ഓഫീസിൽ നിന്ന് വിട്ട് നിന്നത് ഗുരുതരമായ ക്രമക്കേടായതിനെ തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നം. 177/19/ഭ.പൊ.വി.വ നം. 20.05.19 ലെ ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്.

ചേർത്തല പി.ഡി.എസ്. ഡിപ്പോയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഇൻസ്പെക്ഷൻ ടീം 25.09.17-ൽ നടത്തിയ പരിശോധനയിൽ ക്രമക്കേടു കണ്ടെത്തിയതുമായി ബന്ധപ്പെട്ട് OIC ആയ ശ്രീ. പി. സുനിലാലിനെ (SA I) 15.10.17 ലെ സ.ഉ.(സാധാ) നം./347/2017/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തു. സ.ഉ. (സാധാ) നം. 478/2017/ഭ.പൊ.വി.വ തീയതി 23.12.17 പ്രകാരം ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് അച്ചടക്ക നടപടികൾ തുടർന്നു വരുന്നു. ശ്രീ.പി.സുനിലാലിന് സർക്കാർ നൽകിയ കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച വിശദീകരണത്തിൻമേലുള്ള അഭിപ്രായക്കുറിപ്പ് 29.01.19-ൽ സിവിൽ സപ്ലൈസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല.

മാവേലിക്കര താലൂക്ക് സപ്ലൈകോ NFSA പി.ഡി.എസ്. ഗോഡൗണിൽ ഭക്ഷ്യപൊതുവിതരണ വകുപ്പിലെ സംസ്ഥാന തല ഇൻസ്പെക്ഷൻ ടീം 15.12.17-ൽ നടത്തിയ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ഗോഡൗൺ OIC ശ്രീ. എസ്. മുരഹരക്കുറിപ്പിനെ സ.ഉ. (സാധാ) നം. 06/2018/ഭ.പൊ.വി.വ തിയതി. 05.01.18 സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തു. 01.02.19 ലെ സ.ഉ. (സാധാ) നം. 41/2019/ഭ.പൊ.വി.വ. നം. സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ചിട്ടുണ്ടെങ്കിലും അച്ചടക്ക നടപടികൾ തുടർന്നു വരുന്നു.

പാലക്കാട് മേഖലയുടെ കീഴിലുള്ള ഒറ്റപ്പാലം ചെർപ്പുളശ്ശേരി NFSA ഗോഡൗണിൽ സംസ്ഥാന തല ഇൻസ്പെക്ഷൻ സ്ക്വാഡ് 10.11.17-ൽ മിന്നൽ പരിശോധന നടത്തുകയും ആയതിൻറെ അടിസ്ഥാനത്തിൽ സപ്ലൈകോ വിജിലൻസ് ഓഫീസർ ടി ഗോഡൗണിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ജീവനക്കാർക്ക് കുറ്റപത്രം നൽകുകയുണ്ടായി. ജീവനക്കാരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പേര്** | **ബാധ്യത** |
|---|---|
| 1) ശ്രീ. ഷാജഹാൻ തയ്യിൽ (അസിസ്റ്റൻറ് മാനേജർ) | 3,08,542.12/- |
| 2) ശ്രീ. മുഹമ്മദാലി. വി (ASM) | 9,25,626.37/- |
| 3) ശ്രീ. ഹരി. എ. (SA II) | 3,12,272.00/- |
| 4) ശ്രീ. സോജൻ. സി.വി (JM) | 1,56,136.00/- |
| 5) ശ്രീ. രാജേഷ്. കെ. (ASM) | 68,172.00/- |
| 6) ശ്രീ. വിജയരാജ് സജ്ജീവൻ (JA) | 87,964.00/- |

മേൽ വിഷയത്തിൽ വിശദമായ അന്വേ,ണം നടത്തുന്നതിനായി ആഭ്യന്തര അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ